**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 558** **06-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിയ്ക്ക് നടപ്പ് സാമ്പത്തിക വർഷം സർക്കാർ വിഹിതമായി എത്ര തുക അനുവദിച്ചിട്ടുണ്ട്; | (എ) | 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 10793.51 കോടി രൂപ പെൻഷൻ വിതരണ കമ്പനിയായ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായമായി വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും 6950 കോടി രൂപ പ്രസ്തുത കമ്പനിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2500 കോടി രൂപ കൂടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കമ്പനി ഈ സാമ്പത്തിക വർഷം നാളിതുവരെ അകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അതിൽ സർക്കാർ വിഹിതം എത്രയാണെന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും വായ്പയായി സ്വീകരിച്ച തുക എത്രയാണെന്നുമുള്ള വിശദാംശം നൽകുമോ ? | (ബി) | 2022-23 സാമ്പത്തിക വർഷം നാളിതുവരെ പെൻഷൻ വിതരണത്തിനും വായ്പ തിരിച്ചടവിനും, പലിശ നൽകുന്നതിനും കമ്പനിയുടെ നടത്തിപ്പ് ചെലവിനുമായി ആകെ 8353.38 കോടി രൂപ കമ്പനി ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം സർക്കാർ വിഹിതമായി 6950 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും 800 കോടി രൂപ വായ്പയായി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ